മലയാളത്തിലെ ആദ്യ ആർക്കിടെക്ച്ചർ മാഗസിൻ

# ഡിസൈനർ + ബിൽഡർ

DESIGNER + BUILDER

2022 June | Vol. 19 | Issue 205 | Price ₹60/-



## ഐഐഎ കേരള സ്റ്റേറ്റ് അവാർഡ്സ് 2021

ഇപിജെ റസിഡൻസ് റോയ് ആന്റണി ആർക്കിടെക്റ്റ്സ് • എ ഹോം ലെഫ്റ്റ് ഓവർ ഈഗോ ഡിസൈൻ സ്റ്റുഡിയോ • അലങ്കാർ റസിഡൻസ് റോയ് ആന്റണി ആർക്കിടെക്റ്റ്സ് • ഇല അറ്റിക്ക്സ് ആർക്കിടെക്ച്ചർ, കോഴിക്കോട് • കോമൺ ഗ്രൗണ്ട് സ്റ്റുഡിയോ കോമൺ ഗ്രൗണ്ട് ആർക്കിടെക്ച്ചർ, കോഴിക്കോട് • പ്യുവർ അല്ല്യൂർ കൊച്ചിൻ ക്രിയേറ്റീവ് കളക്റ്റീവ്, കൊച്ചി • ഡിസൈൻ ആശ്രമം ഡാക്ക്– ഡിസൈൻ ആശ്രമം കൺസൾട്ടന്റ്സ്, കോഴിക്കോട് • നിർവൃതി സ്പേസ് ആർട്ട്, കോഴിക്കോട് • വാഗ്ഭടാനന്ദ പാർക്ക് യുഎൽസിസിഎസ്, കോഴിക്കോട് • കൾച്ചറൽ ബീച്ച് ഡിഎർത്ത്, സ്പേസ് ആർട്ട്, കോഴിക്കോട് • സിസ്റ്റർ ലിനി മെമ്മോറിയൽ ബസ് ബേ സ്പേസ് ആർട്ട്, കോഴിക്കോട് • റിവൈവിങ് ദി സ്പിരിറ്റ് ഓഫ് ദി പ്ലേസ്– സ്റ്റോറി ഓഫ് ആൻ അബാൻഡന്റ് ലാറ്ററൈറ്റ് ക്വാറി സീറോ സ്റ്റുഡിയോ, മലപ്പുറം • തെയ്യം ഹെറിറ്റേജ് കൺസർവേഷൻ സെന്റർ കൊച്ചിൻ ക്രിയേറ്റീവ് കളക്റ്റീവ്, എറണാകുളം

ജീവിത ഗന്ധിയായ 'മാനം തൊട്ട മണ്ണ്' ആർക്കിടെക്റ്റ് ജി. ശങ്കർ

മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ
ഡിസൈനർ
DESIGNER+BUILDER
+ബിൽഡർ

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ
എൽ. ഗോപകുമാർ, ആർക്കിടെക്റ്റ്

എഡിറ്റർ
ഡോ. രമ എസ്. കർത്ത

Designer Publications Kerala Pvt. Ltd.
FACILITATING ARCHITECTURE
www.designerplusbuilder.com

DESIGNER PATHFINDER
THE EXPERIENCE CENTRE
an initiative of
Designer Pubications Kerala Pvt. Ltd.



# വേണം ഒരു പാർപ്പിടനയം

കേരളത്തിൽ കിടപ്പാടം ഒരു മൗലിക അവകാശമല്ല. എങ്കിലും ആറുലക്ഷത്തിലധികം കുടുംബങ്ങൾ ഇന്ന് ഭവനരഹിതരാണ്. വിരോധാഭാസമെന്നു പറയട്ടെ, പതിനാറുലക്ഷത്തിലധികം വീടുകൾ കേരളത്തിൽ ആൾത്താമസമില്ലാതെ ഒഴിഞ്ഞു കിടക്കുകയാണ്. ഈ വീടുകൾ ഏറ്റെടുത്ത് ഭവനരഹിതർക്ക് കൈമാറണമെന്ന ഭ്രാന്തൻ ആശയമൊന്നും പ്രാവർത്തികമല്ല. എന്നാൽ എത്രയോ മനുഷ്യ പ്രയത്നവും പ്രകൃതി വിഭവങ്ങളും ഉപയോഗ ശൂന്യമായി കിടക്കുന്നു എന്നതാണ് സങ്കടകരം. ഉപയോഗിക്കാത്ത വീടുകൾക്ക്  ഇപ്പോൾ നികുതി ഇളവ് നൽകുന്ന നയമാണ് സർക്കാരിനുള്ളത്. എന്നാൽ ഈ നയം തിരുത്തി തരിശ് കിടക്കുന്ന വീടുകൾക്ക് നികുതി ഇരട്ടിയാക്കണം. അതുപോലെ തന്നെ 300 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ലൈഫ് മിഷൻ പോലെയുള്ള ഭവന പദ്ധതികളുടെ നടത്തിപ്പിനായി സെസ്സ് ഏർപ്പെടുത്താവുന്നതാണ്. ഇത്തരം നടപടികൾ അനാവശ്യമായ നിർമ്മാണങ്ങൾക്ക് കടിഞ്ഞാണിട്ടേക്കാം. സംസ്ഥാനത്തിന് ഒരു പാർപ്പിട നയം അത്യാവശ്യമാണ്. അതുപോലെ തന്നെ ഉടമസ്ഥന്റെ അവകാശങ്ങളും സംരക്ഷിക്കപ്പെടണം. വാടക വ്യവഹാരങ്ങൾ അനന്തമായി നീണ്ടുപോകുന്നത് വീടുകൾ വാടകയ്ക്ക് കൊടുക്കുന്നതിൽ നിന്നും ഉടമസ്ഥരെ നിരുത്സാഹപ്പെടുത്തും. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച കെട്ടിട വാടക നിയമങ്ങൾ സംസ്ഥാനത്തും ഉടൻ പ്രാബല്യത്തിൽ വരുത്തണം. കെട്ടിടങ്ങളെ വരുമാന സ്രോതസ്സായി കണക്കാക്കി നയരൂപീകരണം നടത്താം. അതോടൊപ്പം നിർമ്മാണ സാമഗ്രികളുടെ പൊള്ളുന്ന വിലയും കൈമാറ്റം ചെയ്യുമ്പോഴുള്ള മുദ്രവിലയും നിയന്ത്രണവിധേയമാക്കണം. സർക്കാരിന്റെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.

**എൽ. ഗോപകുമാർ**
*ചീഫ് എഡിറ്റർ*

കോർപ്പറേറ്റ് ഓഫീസ്
**ഡിസൈനർ പബ്ലിക്കേഷൻസ്**
**കേരള പ്രൈവറ്റ് ലിമിറ്റഡ്**
39/4722, ഡി പി കെ ടവേഴ്സ്,
ആർ. മാധവൻനായർ റോഡ്
(ഓൾഡ് തേവര റോഡ്), കൊച്ചി-16

ഫോൺ: **0484- 236 7111**
**89433 59222**


info@designerpublications.com
editor@designerpublications.com
marketing@designerpublications.com
circulation@designerpublications.com
subscription@designerpublications.com

All rights reserved by Designer + Builder.Any part of this publication may be reproduced  only with the written permission from the Editor.The Editors do their best to verify the information published but do not take responsiblity for the absolute accuracy of the information. All objections, disputes, differences, claims & proceedings are subject to Ernakulam Jurisdiction.





## അഡ്വൈസറി ബോർഡ്



**ഡോ. സെബാസ്റ്റ്യൻപോൾ**



**എൻ.എം. സലിം**
*ആർക്കിടെക്റ്റ്*



**ആർ.കെ. രമേഷ്**
*ആർക്കിടെക്റ്റ്*



**എൻ. മഹേഷ്**
*ആർക്കിടെക്റ്റ്*

## എഡിറ്റോറിയൽ ബോർഡ്




**ഡോ. ആശാലതാ തമ്പുരാൻ**
*ആർക്കിടെക്റ്റ്*



**പി.വി. ഹരി**
*ആർക്കിടെക്റ്റ്*




**ജി. ശങ്കർ**
*ആർക്കിടെക്റ്റ്*



**ജെഫ് ആന്റണി**
*ആർക്കിടെക്റ്റ്*




**എസ്. ഗോപകുമാർ**
*ആർക്കിടെക്റ്റ്*



**സന്തോഷ്പോൾ**
*ആർക്കിടെക്റ്റ്*



**ലാലിച്ചൻ സക്കറിയാസ്**
*ആർക്കിടെക്റ്റ്*



**ടോണി ജോസഫ്**
*ആർക്കിടെക്റ്റ്*








# ഉള്ളടക്കം

## ഐഐഐഎ കേരള സ്റ്റേറ്റ് അവാർഡ്സ് 2021


ഇപിജെ റസിഡൻസ്............ 20
എ ഹോം ലെഫ്റ്റ് ഓവർ............ 28
അലങ്കാർ റസിഡൻസ്............ 34
ഇല............ 40
കോമൺ ഗ്രൗണ്ട് സ്റ്റുഡിയോ............ 46
പ്യുവർ അല്ലൂർ............ 52
ഡിസൈൻ ആശ്രമം............ 56
നിർവൃതി............ 62
വാഗ്ഭടാനന്ദ പാർക്ക്............ 68
കൾച്ചറൽ ബീച്ച്............ 72
സിസ്റ്റർ ലിനി മെമ്മോറിയൽ ബസ് ബേ............ 76
റിവൈവിങ് ദി സ്പിരിറ്റ് ഓഫ് ദി പ്ലേസ് -
സ്റ്റോറി ഓഫ് ആൻ അബാൻഡന്റ് ലാറ്ററൈറ്റ് ക്വാറി............ 80
തെയ്യം ഹെറിറ്റേജ് കൺസർവേഷൻ സെന്റർ............ 88

ജീവിത ഗന്ധിയായ 'മാനം തൊട്ട മണ്ണ്'............ 92

**പ്രൊഡക്റ്റ്സ് & ന്യൂസ്**............ 94




*ഫോട്ടോ കടപ്പാട്*
**ആർക്കിടെക്റ്റ് റോയ് ആന്റണി ഇല്ലംപള്ളിൽ**

*ഫോട്ടോഗ്രഫി*
**ശ്യാം, ശ്രീശൈലം**

## Leads to your Needs

To know more about Products/ Special Offers/ Discounts* for readers
* Conditions apply


**BATHROOM & FITTINGS**

ABC Buildwares / Fovit............3
Kochi : 0484 2575758 , 9207706640
Calicut : 0495 240436 , 9207706620
Kannur : 0497 2808435

ABC Emporio............Back Cover
Kochi: 0484 2557575
Kannur: 04970280843

Bath & Beyond,............17
Thrissur
Ph: 70345 71000

Cera Style Studio............27
Kochi- 0484 4052213
Trivandrum- 0471 3512056

**BUILDING MATERIALS**

Dorphen............13
Kochi
Ph: 97456 54400

Peekay Rolling Mills Pvt Ltd............7
Kozhikode
Ph: 0495 2421710

Renacon,............5
Tamilnadu.
Ph: 73738 73738

Ultratech Cement............25
Ph: 022 6692 8007, 1800 210 3311

**FLOORING & PAVERS**

Maps Granito (P) Ltd............11
South Kerala - 9909049917
Central Kerala - 9909049937
North Kerala - 9909049936

Planet Green Pavers & Tiles............97
Kochi
Ph: 9847044660, 9544790001

**INTERIORS**

Best Wood............19
Ph: 7034571000

Ebco............9
Kochi
Ph: 0484 2346229, 9947261229

Green Panel ............Inside Front Cover
Industries Ltd
Haryana
Ph:0124 4784600, 1800 102 2999

**PAINTS & WALL COATINGS**

Galtex............93
Kochi
Ph: 0484 2542542, 9495013000

**ROOFING**

Comglobal ............Inside Back Cover
Projects India Pvt Ltd, Kochi.
Ph- 8086999000, 9846 999 000

Saint – Gobain............33
Bangalore
Ph: 08030 978402

Wienerberger India (P) Ltd............15
Bangalore
Ph- 080 41491682-7, 9633274743

**MISCELLANEOUS**

Sree Chakra Traders............96
Ernakulam
Ph:9349251708 , 04842302495








Scan with Smartphone to view Pole Shelving Brochure

Reach us at info@ebco.in or call +91-22-6783 7777 | Toll free 1800 120 1122 | Web ebco.in

North Kerala: Concord Enterprises 18/468, Marathakkara - Kanal Road, Behind Kairali Bakery, Marathakkara P.O Puzhampallam, Thrissur - 680306. Tel.: 9947263229/9947439229. Email: info@concordkerala.com | 29/964, B & C, Hadi Arcade, K.T. Gopalan Road, Kuthiravattom P.O, Kottooli, Calicut - 673016. Tel.: 8606199229/8606842229. Email: info@concordkerala.com

South Kerala: Technical Trade Links National Display Centre: 32/2249-B1, B2, Greenland Heights, Civil Lane Road, Palarivattom, Cochin - 682025. Tel.: 0484 233394/95 Email: ttlcochin@gmail.com, aliasjoji@gmail.com | City Display Centre: Calmo Home Fittings Pvt. Ltd., Sree Vinayaka Shopping Complex, Chithira Nagar, Kulathur P.O, Trivandrum. Tel.: 9645006995. Email: displaytvm@technicaltradelinks.com

Available in all leading hardware stores.

ഐഐഎ കേരള സ്റ്റേറ്റ് അവാർഡ്സ് 2021
**സിൽവർ ലീഫ്**
വിഭാഗം: കൺസർവേഷൻ പ്രോജക്റ്റ്സ്





# നിർവൃതി

ടെക്സ്റ്റ്: **ടീം ഡിസൈനർ**
ഫോട്ടോഗ്രഫി **പ്രശാന്ത് മോഹൻ, റണ്ണിങ് സ്റ്റുഡിയോസ്**

*'ഒരു സമൂഹം നിർവചിക്കപ്പെടുന്നത്, അത് സൃഷ്ടിക്കുന്ന കാര്യങ്ങൾ കൊണ്ടു മാത്രമല്ല, പകരം അതു നശിപ്പിക്കാൻ വിസമ്മതിക്കുന്ന ചിലത് കൊണ്ടു കൂടിയാണ്'*
*– ജോൺ സി. സോഹിൽ*

ദീർഘമായൊരു ശിശിരനിദ്ര വിട്ടുണർന്നത് പോലെ, അജീർണതയിൽ നിന്നു മുക്തി നേടിയ പോലെ, 'നിർവൃതി'. മുകളിൽ പറഞ്ഞ ജോൺ സി സോഹിലിന്റെ ഉദ്ധരണി അനുസരിച്ചാണെങ്കിൽ പറിച്ചെറിയാനും തച്ചുടയ്ക്കാനും വിസമ്മതിക്കുന്ന ചില കാര്യങ്ങളാണ് ഈ നിർമ്മിതിയെ ഇന്നു പുനർജ്ജീവിപ്പിച്ചിരിക്കുന്നത്. കെട്ടിലും മട്ടിലും കൊളോണിയൽ ആഢ്യത്തം പ്രസരിക്കുന്ന ഈ ബംഗ്ലാവിന്റെ പ്രായം 150 പിന്നിട്ടിരുന്നു. കാഴ്ചയിൽ അതിപ്രതാപവാനായിരുന്നെങ്കിലും താമസയോഗ്യമായിരുന്നില്ല. ഇത്ര ഗാംഭീര്യവും എടുപ്പുമുള്ള വീട്, ഒഴിവുകാല വസതിയോ ഹോംസ്റ്റേയോ ആക്കാമെന്ന ഇപ്പോഴത്തെ ഉടമസ്ഥന്റെ ചിന്തയാണ് കാലാനുഗുണമാകുന്ന



ആർക്കിടെക്റ്റ് അനിത ചൗധരി


ഡിസൈൻ: **ആർക്കിടെക്റ്റ് അനിത ചൗധരി**
(സ്പേസ് ആർട്ട്, കോഴിക്കോട്),
ഫോൺ: 9947282871

ക്ലയന്റ്: **ജോസഫ് ചക്കോള, റിയ ജോസഫ്**
ലൊക്കേഷൻ: **കൊഴിഞ്ഞാമ്പാറ, പാലക്കാട്**
ബിൽറ്റ് ഏരിയ: **240 സ്ക്വയർമീറ്റർ**
പ്ലോട്ട്: **72.97 സെന്റ്**







പുനരുപയോഗം (അഡാപ്റ്റീവ് റീയൂസ്) എന്ന ആശയത്തിലേക്ക് വികസിച്ചത്. ഭൂതകാലത്തിന്റെ അവശേഷിപ്പായ ശ്രദ്ധേയമായ ഘടകളെല്ലാം നിലനിർത്തി കൊണ്ട് തന്നെ കാലിക പ്രസക്തമായ ഒരു ഡിസൈൻ കൊണ്ടുവരിക എന്നുള്ളതാണ് സാധാരണ റെനവേഷനിൽ നിന്ന് അഡാപ്റ്റീവ് റീയൂസ് എന്ന ആശയത്തെ മാറ്റി നിർത്തുന്നത്. ജീർണാവസ്ഥയിലെത്തിയ ഈ വലിയ ബംഗ്ലാവിന് വേണ്ടത് പുതുജീവനായിരുന്നു. അതിനായി ഘടനയിൽ സ്ഥിരത കൊണ്ടു വരികയും ശക്തിപ്പെടുത്തുകയും ചെയ്തു. മികച്ച ചില കൂട്ടിച്ചേർക്കലുകൾ നടത്തി, അതോടെ കാലത്തോട് ചേർന്നു പോകുന്നൊരു രൂപത്തിലേക്ക് നിർവൃതി പരിണമിച്ചു.

## കാലങ്ങളുടെ സാക്ഷി

72.97 സെന്റ് സ്ഥലത്ത് നിൽക്കുന്ന ഈ പ്രൗഢ വസതി 1865 ൽ നിർമ്മിക്കപ്പെട്ടതാണ്. കുലുക്കപ്പാറയിലെ ഗൗണ്ടർ വിഭാഗത്തിൻപ്പെട്ട ധനാഢ്യനായ നമശിവായ ഗൗണ്ടർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വീടായിരുന്നു ഇത്. ആഢ്യത്ത്വമുള്ള ബ്രഹ്മാണ്ഡ ബംഗ്ലാവ് എന്ന നിലയിൽ അന്നേ, ഈ വീട് നാട്ടിൽ ശ്രദ്ധേയമായിരുന്നു. ആരുമൊന്ന് നോക്കുന്ന കൊളോണിയൽ ശൈലിയിലുള്ള മുഖപ്പ്, കനത്ത തൂണുകൾ, കമാനരൂപം, ഉയർന്നു ചെരിഞ്ഞ ഓടുമേഞ്ഞ മേൽക്കൂര എന്നിവയുടെയെല്ലാം പൂർണത കൊണ്ടു തന്നെയായിരുന്നു, ഈ വസതിയൊരു ഒറ്റയാനായി മാറിയത്. എന്നാൽ ഉള്ളറകളെല്ലാം ആ കാലത്തെ ജീവിതശൈലിക്ക് അനുസരിച്ചുള്ളതായിരുന്നു. ഗൗണ്ടറുടെ കൃഷിരീതിയ്ക്ക് അനുസൃതമായി നിർമ്മിക്കപ്പെട്ടതായിരുന്നു അകത്തളങ്ങളെല്ലാം. മുറികൾ കുറവായിരുന്നു. പകരം ധാന്യ സംഭരണത്തിനായുള്ള തുറസായ ഇടങ്ങൾ ഉണ്ടായിരുന്നുതാനും. ആ കാലത്തെ മികവുറ്റ ആശാരിമാരും പണിക്കാരും ചേർന്ന്, ഗുണമേൻമയുള്ള നിർമ്മാണ വസ്തുകളുപയോഗിച്ചാണ് ഈ വീട് പണിതീർത്തത്. അതിനാൽ തന്നെ വളരെ ചെറിയ അറ്റകുറ്റ പണികൾ മാത്രമേ ഇക്കാലയളവിൽ ഈ വസതിയിൽ നടന്നിട്ടുള്ളു. മുട്ടയുടെ വെള്ള (ആൽബുമിൻ) ഉൾപ്പെടെയുള്ള വസ്തുക്കൾ ഉപയോഗിച്ചായിരുന്നു തറയും മറ്റും മിനുസപ്പെടുത്തിയിരുന്നത്. ഫ്ളോറിന് തിളക്കവും മയവും കൊണ്ടു വരുന്നതിനൊപ്പം ഈർപ്പത്തെ പ്രതിരോധിക്കുന്നതുമായിരുന്നു ഇത്തരം പൊടിക്കൈകൾ. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഇന്നും പ്രസരിക്കുന്ന തനിമ ഈ വീടിനു ലഭിച്ചതും ഇക്കാരണങ്ങൾ കൊണ്ടാണ്.












**PLAN**





GROUND FLOOR PLAN




FIRST FLOOR PLAN




1. Verandah 2. Living room 3. Staircase
4. Lounge 5. Bedroom 6. Dressing
7. Dry Area 8. Shower Area 9. Courtyard




ROOF PLAN



റിയ ജോസഫ് & ജോസഫ് ചക്കോള

## പൊളിച്ചു കളഞ്ഞില്ല, മിനുക്കിയെടുത്തു

വലിയ നിർമ്മിതിയായിരുന്നെങ്കിലും, അറകൾ, വരാന്ത, ധാന്യപുരകൾ തുടങ്ങിയ ഇടങ്ങളായിരുന്നു ഏറെയും. ഈ സ്പേസുകൾ കാലനുസൃതമായി മാറ്റുകയെന്നതായിരുന്നു പ്രധാന ദൗത്ത്യം. ഹോം സ്റ്റേ എന്ന നിലയിലും വിക്കെൻഡ് ഹോം ആയും ഉപയോഗിക്കാനാകണം. ഒപ്പം, ചുറ്റുപ്പാടുമുള്ള സ്വാഭാവികമായ ലാൻഡ്സ്കേപ്പ് ആസ്വദിക്കാനാവുകയും വേണം. ഇതായിരുന്നു ഉടമസ്ഥന്റെ ആവശ്യം. സ്പേസുകളെല്ലാം ഇതനുസരിച്ചാണ് സ്ഥാനപ്പെടുത്തിയത്. ഗ്രൗണ്ട്-ഫസ്റ്റ് ഫ്ളോറുകളിലെ വരാന്ത നിലനിർത്തി. ഗ്രൗണ്ട് ഫ്ളോറിൽ ലിവിങ് സ്പേസും, ഫസ്റ്റ് ഫ്ളോറിൽ ലോഞ്ച് ഏരിയയും പുതുതായി സജ്ജീകരിച്ചു. രണ്ടു വലിയ കിടപ്പുമുറികളും ഡ്രെസിങ് ഏരിയയും ഉൾക്കൊള്ളിച്ചു. അറ്റാച്ച്ഡ് ടോയ്‌ലറ്റുകൾക്കു വേണ്ടി രണ്ടു നിലകളിലും പുതിയ കൂട്ടിച്ചേർക്കലുകളും നടത്തി. ടോയ്‌ലറ്റുകൾ രണ്ടും ഡ്രൈ - ഷവർ ഏരിയകളായി വിഭജിക്കുകയും ചെയ്തു. ഗ്രൗണ്ട് ഫ്ളോറിലെ ടോയ്‌ലറ്റിന്റെ തുടർച്ചയായി ഓപ്പൺ കോർട്ട്യാർഡ് പോലൊരു ക്രമീകരണവും കാണാം. ഇവിടെ നേരത്തെയുണ്ടായിരുന്ന ടിബി ടിബി ട്രീ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചാണ് ഓപ്പൺ കോർട്ട്യാർഡിന്റെ മട്ടിലേക്ക് മാറ്റിയത്. നാട്ടിൽ നിന്നു തന്നെ ലഭിച്ച കരിങ്കല്ലുകൾ ഉപയോഗിച്ചതിനാൽ ഒരു പ്രാദേശിക തനിമയാണ് ഈ കോർട്ട്യാർഡിനുള്ളത്.









## തികഞ്ഞ പ്രൗഢി

ഊഷ്മളതയും തണുപ്പുമെല്ലാം സന്തുലിതമാക്കുന്ന മെറ്റീരിയൽ കൂട്ടുകളാണ് ഈ നിർമ്മിതിയെ ഇത്രയധികം ഹൃദ്യമാക്കുന്നത്. ഡിസൈൻ ആശയത്തോടു ചേർന്നു നിൽക്കുന്നു എന്നതാണ് നിർമ്മാണ വസ്തുക്കളുടെ പ്രത്യേകത. തടി, കാരക്കുടി ടൈലുകൾ, കരിങ്കല്ല്, നാച്വറൽ ഫിനിഷിലുള്ള ഗ്രനൈറ്റ്, ടെറാക്കോട്ട ടൈൽ എന്നിവയാണ് പ്രധാന മെറ്റീരിയലുകൾ. ചെറിയ ഡീറ്റെയ്‌ലിങ്ങുകളും മരം കൊണ്ടുള്ള മച്ചിലെ സീലിങ്ങും പൗരാണികത തുളുമ്പുന്ന ഫർണിച്ചറും മറ്റും പാരമ്പര്യത്തിന്റെ കാലാനുസൃതമായ വ്യാഖ്യാനം തന്നെയാണ്. രണ്ടടി കനമുള്ള സൗണ്ട് പ്രൂഫ് ചുമരുകളാണ് വിശാലമായ കിടക്കറകളുടെ പ്രത്യേകത. ലിവിങ് ഏരിയകളെ ലൈബ്രറി, വർക്ക് സ്റ്റുഡിയോ, പ്രൈവറ്റ് ലോഞ്ച് ബാർ എന്നിങ്ങനെ ആവശ്യാനുസരണം പുനക്രമീകരിക്കാനാകും. ലാൻഡ്സ്കേപ്പിന്റെ ഭാഗമായുള്ള ഓപ്പൺ കോർട്ട്യാർഡിനെ ശാന്തമായിരുന്ന് യോഗ ചെയ്യുന്നതിനുള്ള ഇടമായും ഉപയോഗിക്കാം. പ്രൗഢിയുടെയും നിലവാരത്തിന്റയും മിതത്ത്വത്തിന്റെയുമെല്ലാം സങ്കരഭാവമാണ് പുനരുജ്ജീവിക്കപ്പെട്ട ഈ വസതിയിൽ കാണാനാകുന്നത്. 'സംരക്ഷണമെന്നത് മനുഷ്യനും മണ്ണും തമ്മിലുള്ള പൊരുത്തമാണ്' എന്ന ആൾഡോ ലിയോപോൾഡിന്റെ വാക്കുകൾ കടമെടുക്കുകയാണെങ്കിൽ നിർവൃതിയിൽ അനുഭവിക്കാനാകുന്നതും ഇതേ പൊരുത്തം തന്നെയാണ്. ■